# ഹാകിമിയ്യത്ത്
# ജമാഅത്തെ ഇസ്‌ലാമിക്ക് പറയാനുള്ളത്

**അബൂബക്കർ എടത്തനാട്ടുകര**

വിധികർതൃത്വം അള്ളാഹുവിന് മാത്രം (അഥവാ ഇനിൽ ഹുകുമു ഇല്ലാ ലില്ലാ) എന്നവകാശപ്പെട്ട് കടന്നുവന്ന ഖവാരിജുകളോട് അലി(റ) പറഞ്ഞ മറുപടി كلمة حق أريد بها باطل (സത്യമായ വചനം, എന്നാൽ അത് ബാത്വിലിനു വേണ്ടി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു.) എന്നായിരുന്നു. അതേ മറുപടിയാണ് ഈ വിഷയത്തിൽ നമുക്കും ജമാഅത്തുകാരോട് പറയാനുള്ളത്. എന്തുകൊണ്ട്? അള്ളാഹു നമുക്ക് ദീൻ പഠിപ്പിച്ചു തരുവാനായി തിരഞ്ഞെടുത്ത മനുഷ്യരിൽ വെച്ച് ഏറ്റവും ശ്രേഷ്ഠനായ മുഹമ്മദ് നബി(സ)യുടെ അധ്യാപനങ്ങളിൽ ഇല്ലാത്തതും, അള്ളാഹു തൃപ്തിപ്പെട്ട സച്ചരിതരും വിജ്ഞാനദാഹികളുമായിരുന്ന സ്വഹാബിമാർക്ക് അന്യവുമായ ഒരു വീക്ഷണമാണ് ജമാഅത്തെ ഇസ്‌ലാമി ഹുകൂമത്തെ ഇലാഹി (ദൈവിക ഭരണം) എന്ന വാദത്തിലൂടെ പ്രചരിപ്പിച്ചത്.

ഇസ്‌ലാമിക ഭരണത്തിന് ഹുകുമതെ ഇലാഹി എന്ന സംജ്ഞ കൊണ്ടുവന്നത് മുഹമ്മദ് നബി(സ)യോ, സ്വഹാബത്തോ, പൂർവ്വസൂരികളായ അഹ്‌ലുസുന്നത്തിൻെറ പണ്ഡിതരോ ആയിരുന്നില്ല, മറിച്ച് മൗദൂദി സാഹിബായിരുന്നു. ഹുകൂമത്തെ ഇലാഹി എന്ന മൗദൂദിയുടെ ഭദ്രതയില്ലാത്ത സിദ്ധാന്ത പ്രകാരം അനിസ്‌ലാമിക ഭരണകൂടത്തിനു കീഴിൽ ഓൾക്ക് മുവഹിദായി ജീവിക്കുവാൻ സാധിക്കുമായിരുന്നില്ല. എന്തിനേറെ നിർബന്ധിതാവസ്ഥയിൽ പോലും അനിസ്‌ലാമിക ഭരണകൂടത്തെ അനുസരിച്ചാൽ അത് അവർക്കുള്ള ഇബാദത്താണെന്ന വാദം അതുവഴി ഉടലെടുത്തു. അങ്ങനെ അവരുടെ ആരാധന പോലും അള്ളാഹു സ്വീകരിക്കാത്ത അവസ്ഥയായി അദ്ദേഹം സിദ്ധാന്തിച്ചു. ഇതെല്ലാം കേവലം വിമർശനങ്ങളല്ല, വകതിരിവില്ലാത്ത വായന ഒഴിവാക്കിയാൽ ഏവർക്കും അവരുടെ പ്രസിദ്ധീകരണങ്ങളിൽ നിന്നു തന്നെ കാണാൻ സാധിക്കുന്ന സത്യങ്ങളാണ്. അതെല്ലാം ഓരോന്നായി നമുക്കൊന്ന് പരിശോധിക്കാം.

ഇസ്‌ലാമിക ഭരണത്തിന് ഹുകുമത്തെ ഇലാഹി (ദൈവികഭരണം) എന്ന സംജ്ഞ കൊണ്ടുവന്നത് മൗദൂദി സാഹിബാണ് എന്ന് പറഞ്ഞിരുന്നല്ലോ. അക്കാര്യം പ്രചരിപ്പിക്കുന്നത് കേരളത്തിലേയോ മറ്റു ഇതര പ്രദേശങ്ങളിലേയോ സലഫികളല്ല, മറിച്ച് അവരുടെ വക്താക്കളാൽ ഉദ്ഘോഷിക്കപ്പെട്ട

വർത്തമാനങ്ങളാണ്. കെ. സി അബ്ദുള്ള മൗലവി "ഇബാദത്ത് ഒരു സമഗ്രപഠനം" എന്ന തൻെറ കൃതിയിൽ ഫഹ്മി ഹുവൈദി ഹാകിമിയത്തുൽ ഇലാഹിനെപ്പറ്റി നടത്തിയ അഭിപ്രായ പ്രകടനം എടുത്തുദ്ധരിച്ചു കൊണ്ട് അത് വ്യക്തമാക്കിയിരിക്കുന്നത് കാണുക:

"നാമുദ്ദേശിക്കുന്നതും ആഗ്രഹിക്കുന്നതുമായ ഇസ്ലാമിക ഗവൺമെൻറിൻെറ സ്വഭാവം എന്തായിരിക്കും? ഇസ്ലാമിസ്റ്റുകൾക്കിടയിൽ ഏറ്റവും പ്രചാരം നേടിയ മറുപടി ഇതാണ്: അല്ലാഹുവിൻെറ വാക്യം ഉയർത്തുന്നതിന് അല്ലാഹുവിൻെറ പാർട്ടി നടപ്പിലാക്കുന്ന, അല്ലാഹുവിൻെറ പരമാധികാരം അംഗീകരിച്ച ഗവൺമെൻറ് ഹാകിമിയതുല്ലാഹുവിൻെറ വക്താക്കളാണിവർ. പാക്കിസ്ഥാനിലെ മഹാപണ്ഡിതൻ അബുൽ അഅ്ലാ മൗദൂദിയാണ് ഈ പ്രയോഗം ആവിഷ്കരിച്ചിട്ടുള്ളത് (മുസ്ത്വലഹാത്തിൽ). സയ്യിദ് ഖുതുബ് അറബ്ലോകത്ത് അതിനു നല്ല പ്രചാരണം നല്കി. ധാരാളം ഗ്രന്ഥങ്ങളുടെ വരികൾക്കിടയിൽ ഒളിഞ്ഞോ തെളിഞ്ഞോ ഇന്നത് പ്രത്യക്ഷപ്പെടുന്നുണ്ട്. ഇന്തോനേഷ്യ മുതൽ അൽജീരിയ വരെയുള്ള യൂനിവേഴ്സിറ്റികളിൽ ഡോക്ടറേറ്റിനുവേണ്ടി സമർപ്പിക്കപ്പെടുന്ന പ്രബന്ധങ്ങളിലും രഹസ്യ-തീവ്ര സംഘടനകളുടെ പ്രസിദ്ധീകരണങ്ങളിലുമൊക്കെ ആ പ്രയോഗം വന്നുകൊണ്ടിരിക്കുന്നു. പാക്കിസ്ഥാനിലെ ഒന്നാമത്തെ ഭരണഘടനയിലും (1953) അതു കാണാം. 1979-ൽ പ്രഖ്യാപിച്ച ഭരണഘടനയിലുമുണ്ടത്" (അൽഖുർആനു വൽസുൽത്താൻ: 138). (ഇബാദത്ത് ഒരു സമഗ്രപഠനം, 4-ാംപതിപ്പ്, പേജ് 38)

ഹുകുമത്തെ ഇലാഹി എന്ന പ്രയോഗം ആവിഷ്കരിച്ചത് മൗദൂദി സാഹിബായിരുന്നു എന്ന് നാം വിയിച്ചു. അതല്ലാതെ ഇക്കാര്യം പഠിപ്പിച്ചു തന്നത് പ്രവാചകനായിരുന്നുവെങ്കിൽ സ്വഹാബിമാരിലൂടെയും അവരെ പിൻപറ്റി ജീവിച്ച താബിഉകളിലൂടെയും, അത് അനന്തരമായി കൈപറ്റിയ തുടർന്നുവന്ന സച്ചരിതരായ പണ്ഡിതൻമാരിലൂടെയും നമുക്ക് അത് ലഭിക്കുമായിരുന്നു. അതു കൊണ്ട് തന്നെ മൗദൂദിയുടെ മുസ്ത്വലഹാത്തിൽ പൂർവ്വികരായ ഒരൊറ്റ മുഫസിറുകളുടെയും ഉദ്ധരണികൾ തൻെറ വാദത്തിനുള്ള തെളിവായി അദ്ദേഹം കൊടുക്കുന്നില്ല. അതിനുള്ള കാരണം മൗദൂദി തന്നെ പറയട്ടെ:

"അറേബ്യയിൽ വിശുദ്ധ ഖുർആൻ അവതരിച്ച കാലത്ത് 'ഇലാഹി'ൻെറ അർഥമെന്തെന്നും 'റബ്ബ്'എന്ന് ആർക്കാണ് പറയുകയെന്നും എല്ലാവർക്കുമറിയാമായിരുന്നു. കാരണം, ഈ രണ്ടു പദങ്ങളും അവരുടെ സംഭാഷണത്തിൽ മുമ്പു മുതലേ പ്രയോഗിക്കപ്പെട്ടിരുന്നു. ഏതാശയത്തെക്കുറിക്കാനാണ് ഈ പദങ്ങൾ പ്രയോഗിക്കുന്നതെന്നവർക്കറിയാമായിരുന്നു. അതിനാൽ, അല്ലാഹുവാണ് ഏക ഇലാഹും റബ്ബും; ഉലൂഹിയ്യതിലും റുബൂബിയ്യതിലും മറ്റാർക്കും ഒരു പങ്കുമില്ല എന്നവരോട് പറഞ്ഞാൽ അതവർ പൂർണ്ണമായും ഉൾകൊണ്ടിരുന്നു. അതുവഴി, ഇതരർക്ക് എന്താണ് നിഷേധിക്കുന്നതെന്നും എന്താണ്

അല്ലാഹുവിനുമാത്രം അംഗീകരിച്ചുകൊടുക്കുന്നതെന്നും ഒരവ്യക്തതയും കൂടാതെ അവർക്ക് മനസിലാകുമായിരുന്നു. എതിർത്തവർ, ദൈവേതരൻമാരുടെ ഉലൂഹിയ്യതും റബൂബിയ്യതും നിഷേധിക്കുന്നതുമൂലം എവിടെയെല്ലാമാണ് ആഘാതങ്ങളേല്ക്കുക എന്ന് മനസിലാക്കിക്കൊണ്ടുതന്നെയാണെതിർത്തത്. വിശ്വസിച്ചവരാകട്ടെ, ഈ ആദർശം സ്വീകരിക്കുന്നതുകൊണ്ട് തങ്ങളെന്തെല്ലാം വർജ്ജിക്കേണ്ടതുണ്ടെന്നും എന്തെല്ലാം അംഗീകരിക്കേണ്ടതുണ്ടെന്നും ഗ്രഹിച്ചുകൊണ്ടുതന്നെയാണ് വിശ്വസിച്ചതും. ഇപ്രകാരം തന്നെ ഇബാദത്, ദീൻ എന്നീ പദങ്ങളും അവരുടെ സംസാരത്തിൽ മുമ്പേ പ്രചുരമായിരുന്നു. ആരാണ് അബ്ദ് (അടിമ); ഏതവസ്ഥയുടെ പേരാണ് ഉബൂദിയ്യത് (അടിമത്തം); ഏത് പ്രവർത്തനരീതിയുടെ പേരാണ് ഇബാദത്; ദീനിന്റെ വിവക്ഷയെന്ത്? എന്നെല്ലാം അവർക്കറിയാമായിരുന്നു. അതിനാൽ, എല്ലാവർക്കുമുള്ള ഇബാദത് ഉപേക്ഷിക്കുക; അല്ലാഹുവിനുമാത്രം ഇബാദത് ചെയ്യുക; മറ്റെല്ലാ ദീനുകളിൽനിന്നും വിട്ട് അല്ലാഹുവിന്റെ ദീനിൽ പ്രവേശിക്കുക എന്നാഹ്വാനം ചെയ്തപ്പോൾ, ഖുർആനിന്റെ ഈ പ്രബോധനം ഗ്രഹിക്കുന്നതിൽ അവർക്ക് ഒരാശയക്കുഴപ്പവും നേരിട്ടില്ല. ഈ അധ്യാപനം തങ്ങളുടെ ജീവിതവ്യവസ്ഥയിൽ ഏതുതരം പരിവർത്തനമാണാവശ്യപ്പെടുന്നതെന്ന് കേട്ടമാത്രയിൽ അവർക്ക് മനസിലായിരുന്നു.

എന്നാൽ, ഖുർആന്റെ അവതരണവേളയിൽ സുഗ്രാഹ്യമായിരുന്ന ഈ പദങ്ങളുടെ മൗലികാശയങ്ങൾ പില്ക്കാല നൂറ്റാണ്ടുകളിൽ ക്രമേണ ക്രമേണ മാറിക്കൊണ്ടിരുന്നു. എത്രത്തോളമെന്നാൽ, പ്രസ്തുത പദങ്ങൾക്ക് അവയുടെ വിശാലമായ അർത്ഥം നഷ്ടപ്പെടുകയും, അങ്ങേയറ്റം പരിമിതവും അവ്യക്തവുമായ ആശയങ്ങളിൽ അവ ഒതുങ്ങിപ്പോവുകയും ചെയ്തു. കളങ്കമറ്റ അറബിഭാഷാ ആസ്വാദനത്തിൽ സംഭവിച്ച അപചയമായിരുന്നു അതിനൊരു കാരണം. ഖുർആന്റെ അവതരണവേളയിൽ അനിസ്ലാമികസമൂഹത്തിൽ ഇലാഹ്, റബ്ബ്, ഇബാദത്, ദീൻ എന്നീ പദങ്ങൾക്ക് പ്രചാരത്തിലുണ്ടായിരുന്ന അർത്ഥങ്ങൾ, പിന്നീട് ഇസ്ലാമികസമൂഹത്തിൽ ജനിച്ചുവളർന്നവരെ സംബന്ധിച്ചിടത്തോളം അവശേഷിച്ചിരുന്നില്ല എന്നതാണ് മറ്റൊരുകാരണം. ഈ രണ്ടു കാരണങ്ങളാൽ, പില്ക്കാലത്തുവന്ന ഭാഷാകൃതികളും വ്യാഖ്യാനഗ്രന്ഥങ്ങളും മിക്ക ഖുർആനികപദങ്ങളെയും അവയുടെ മൗലികമായ ഭാഷാർത്ഥങ്ങൾക്കുപകരം അന്ന് മുസ്ലിംകൾ മനസിലാക്കിയിരുന്ന അർത്ഥങ്ങളിൽ വിശദീകരിച്ചുതുടങ്ങി.” (ഖുർആനിലെ നാല് സാങ്കേതിക ശബ്ദങ്ങൾ, പേജ് 13,14)

ഇപ്രകാരം ഇസ്ലാമികലോകത്തെ പണ്ഡിതൻമാരുടെ ഭാഷാവിജ്ഞാനത്തെ മുഴുവൻ പ്രതിക്കൂട്ടിൽ നിർത്തികൊണ്ട് തന്റെ വാദം സ്ഥാപിക്കാൻ അദ്ദേഹം സമർത്ഥമായി ശ്രമിച്ചു. ഇതെല്ലാം എന്തിനുവേണ്ടിയായിരുന്നു? ഹുകൂമത്തെ ഇലാഹീ വാദംവഴി ഭരണം തൗഹീദിന്റെ ഭാഗമാണ് എന്നും ഭരണമില്ലെങ്കിൽ അവിടത്തെ മുസ്ലിംകളായ നിവാസികൾ ഭാഗികമായ

തൗഹീദിന്റെ ഉടമകളേ ആകൂ എന്ന് ഉണർത്താനും വേണ്ടിയായിരുന്നു. തൗഹീദില്ലാത്ത അവർക്ക് ദീനില്ല എന്നത് ഭരണമില്ലാത്ത അവർക്ക് ദീനില്ല എന്ന അർത്ഥത്തിൽ വ്യാഖ്യാനിച്ച് അവരുടെ ജീവിതം വെറും ഒരു സകല്പദീനി ലാക്കി ചുരുക്കുകയാണ് അദ്ദേഹം ചെയ്തത്. അക്കാര്യം മൗദൂദി പറയുന്നത് കാണുക:

"'ദീനിന്റെ' അർത്ഥം അനുസരണം എന്നാകുന്നു; 'ശരീഅത്ത്' എന്നു നിയമവ്യവസ്ഥക്കാണ് പറയുന്നത്; 'ഇബാദത്തു'കൊണ്ടുദ്ദേശിക്കപ്പെട്ടത് അടിമവൃത്തിയാകുന്നു.

നിങ്ങൾ ഒരാളുടെ അനുസരണത്തിൽ പ്രവേശിച്ചുകൊണ്ട് അയാളെ ഭരണകർത്താവായി സ്വീകരിക്കുന്നപക്ഷം, നിങ്ങൾ അയാളുടെ 'ദീനി'നെ സ്വീകരിച്ചുവെന്നതാണതിനർത്ഥം. അനന്തരം അയാൾ നിങ്ങളുടെ ഭരണകാർത്താവും, നിങ്ങൾ അയാളുടെ പ്രജകളുമായിത്തീരുന്നതോടെ, അയാളുടെ ശാസനകളും പദ്ധതികളും നിങ്ങൾക്കുള്ള നിയമവ്യവസ്ഥ, അഥവാ ശരീഅത്തായിത്തീരുന്നു. നിങ്ങൾ അയാൾക്ക് കീഴ്പെട്ടു അയാളുടെ ശരീഅത്ത് (നിയമവ്യവസ്ഥ) അനുസരിച്ച് ജീവിതം നയിക്കുകയും, അയാളാവശ്യപ്പെടുന്നതെല്ലാം തിരുമുമ്പിൽ ഹാജരാക്കുകയും, കല്പിക്കുന്നതെല്ലാം നിറവേറ്റുകയും, വിരോധിക്കുന്നതൊക്കെ ഉപേക്ഷിക്കുകയും, അയാൾ നിശ്ചയിച്ച പരിധിക്കുള്ളിൽനിന്നുകൊണ്ടു പ്രവർത്തിക്കുകയും, സ്വകാര്യജീവിതം, പരസ്പരബന്ധം, കൊള്ളക്കൊടുക്കകൾ, കേസുകൾ, വഴക്കുകൾ, മുതലായവയിൽ അയാളുടെ നിർദ്ദേശമനുസരിച്ചുതന്നെ നടക്കുകയും, ആജ്ഞകളുടെ മുമ്പിൽ തലകുനിക്കുകയുമാണെങ്കിൽ അതിനു ഇബാദത്ത് (അടിമവൃത്തി) എന്നു പറയുന്നു.

ഈ വിശദീകരണത്തിൽനിന്നു ദീൻ എന്നാൽ യഥാർത്ഥത്തിൽ സ്റ്റെയിറ്റ് (State) ആണെന്നും ശരീഅത്ത് ആ സ്റ്റെയിറ്റിന്റെ നിയമ വ്യവസ്ഥയാണെന്നും ആ നിയമവ്യവസ്ഥയനുസരിച്ച് ജീവിതം നയിക്കുന്നതിനാണ് ഇബാദത്ത് എന്നു പറയുന്നതുതെന്നുമുള്ള സംഗതി വ്യക്തമാകുന്നതാണ്. നിങ്ങൾ ഏതെങ്കിലുമൊരാളെ വിധികർത്താവായി സമ്മതിച്ച് അയാളുടെ അടിമത്തം സ്വീകരിക്കുമ്പോൾ വാസ്തവത്തിൽ നിങ്ങളയാളുടെ 'ദീനിൽ' പ്രവേശിക്കുകയാണ് ചെയ്യുന്നത്. നിങ്ങൾ സമ്മതിച്ച വിധികർത്താവ് അല്ലാഹു ആണെങ്കിൽ അല്ലാഹുവിന്റെ 'ദീനി'ൽ പ്രവേശിച്ചു; ഇനി ഒരു രാജാവിനെയാണ് വിധികർത്താവായി സ്വീകരിച്ചതെങ്കിൽ രാജാവിന്റെ 'ദീനി'ൽ പ്രവേശിച്ചു; ഒരു പ്രത്യേക സമുദായത്തെയാണെങ്കിൽ ആ സമുദായത്തിന്റെ ദീനിലാണ് നിങ്ങൾ പ്രവേശിച്ചത്. ഇനി സ്വന്തം സമുദായത്തിന്റെയോ സ്വദേശക്കാരുടേയോ ഭൂരിപക്ഷത്തെയാണ് വിധികർത്താവായി സ്വീകരിക്കുന്നതെങ്കിൽ ആ ഭൂരിപക്ഷത്തിന്റെ 'ദിനി'ൽ പ്രവേശിച്ചു. ചുരുക്കത്തിൽ, ആരെ 'അനുസരിക്കുക' എന്ന 'മാല' നിങ്ങൾ കഴുത്തിലിടുന്നുവോ

യഥാർത്ഥത്തിൽ അവരുടെ 'ദീനി'ലായിരിക്കും നിങ്ങൾ; ആരുടെ നിയമമനുസരിച്ചു പ്രവർത്തിക്കുന്നുവോ, അവർക്കായിരിക്കും വാസ്തവത്തിൽ നിങ്ങൾ ഇബാദത്തുചെയ്യുന്നത്." (ഖുതുബാത്ത്, ജിഹാദ്)

വിശുദ്ധ ഖുർആനും സുന്നത്തുമാണ് പ്രമാണമെന്നും അല്ലാഹുവിൻെറ നിയമങ്ങളാണ് ജീവിതത്തിൽ പകർത്തേണ്ടത് എന്നും വിശ്വസിക്കുന്ന മുസ്‌ലിമിന് ഒരനിസ്‌ലാമിക ഭരണകൂടത്തിനു കീഴിൽ മുവഹിദായി ജീവിക്കുവാൻ കഴിയുമോ എന്ന വേവലാതി മുകളിലെ വരികൾ വായിച്ചാൽ ഉണ്ടാകും. അനിസ്‌ലാമിക ഭരണകൂടത്തെ അനുസരിച്ചാൽ ഉണ്ടാകാൻപോകുന്ന വിപത്ത് മൗദുദി തുടർന്ന് വിവരിക്കുന്നത് കാണുക:

"ഇത്രയും നിങ്ങൾ ഗ്രഹിച്ചു കഴിഞ്ഞാൽ, മനുഷ്യന് ഒരേ അവസരത്തിൽ രണ്ടു 'ദീൻ' ഉണ്ടായിരിക്കുക ഒരു വിധത്തിലും സാദ്ധ്യമല്ലെന്ന പച്ചപ്പരമാർത്ഥവും നിങ്ങൾക്കു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. എന്തുകൊണ്ടെന്നാൽ വിഭിന്ന വിധികർത്താക്കളിൽ ഒരാളെ അനുസരിക്കുവാനേ ഏതു വിധത്തിലും നിങ്ങൾക്ക് സാധിക്കയുള്ളൂ. ഭിന്നമായ നിയമങ്ങളിൽ ഒന്നു മാത്രമേ നിങ്ങളുടെ ജീവിതനിയമമായിത്തീരുക സാദ്ധ്യമാവൂ. വിഭിന്ന ആരാധ്യൻമാരിൽ ഒരുവനെമാത്രം ആരാധിക്കുവാനേ നിങ്ങൾക്ക് സാധിക്കയുള്ളൂ. എന്നാൽ 'വിശ്വാസപരമായി ഒരുത്തനെ വിധികർത്താവായി സ്വീകരിക്കുകയും, ഫലത്തിൽ മറ്റൊരാളെ അനുസരിക്കുകയും ചെയ്യുക, പൂജ ഒരുവന്നും അടിമവൃത്തി മറ്റൊരുവന്നും നിർവ്വഹിക്കുക, ഹൃദയത്തിൽ ഒരു നിയമത്തെക്കുറിച്ച് ഭക്തിയും വിശ്വാസവമുണ്ടായിരിക്കുകയും ജീവിത ഏർപ്പാടുകളിൽ മറ്റുനിയമമനുസരിച്ച് നടക്കുകയും ചെയ്യുകയെന്നിതുകളും സാദ്ധ്യമാണെ'ന്നു നിങ്ങൾ പറയുന്നപക്ഷം, അതുശരിയാണ്, സാദ്ധ്യമാണ് എന്നു ഞാനും സമ്മതിക്കുന്നു. സാദ്ധ്യമാണെന്നല്ല, അങ്ങനെ സംഭവിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. പക്ഷേ, അതിന്നത്രെ 'ശിർക്ക്' എന്നു പേർ പറയുന്നത്. (ഖുതുബാത്ത്, ജിഹാദ്)

നമ്മുടെ ചില സഹോദരൻമാരുടെ വാദമനുസരിച്ച് ഇറാനിൽ മാത്രമാണ് യഥാർത്ഥത്തിൽ ഇസ്‌ലാം ഭരണഘടനയിൽ ഉൾപ്പെടുത്തിയ ഏകരാജ്യം. രാജഭരണം നടത്തുന്ന സഊദി അറേബ്യപോലും ഇവരുടെ ദൃഷ്ട്യാ പുറത്താണ്. ലോകത്ത് ഇസ്‌ലാമിക ഭരണമില്ലാത്ത ഭാഗങ്ങളിൽ താമസിക്കുന്ന മുസ്‌ലിംകളെ തൗഹീദില്ലാത്തവരായിട്ടാണ് ഇവർ കാണുന്നത്. ഇനിയും അത്തരത്തിലുള്ളവരുടെ ആരാധന അല്ലാഹു സ്വീകരിക്കുമോ. മൗദൂദി സാഹിബ് തന്നെ അക്കാര്യം പറയട്ടെ:

"ഈ 'ശിർക്ക്'[1] നഖശിഖാന്തം വ്യാജം മാത്രമാകുന്നു. ഫലത്തിൽ ആരെ അനുസരിച്ച് ജീവിക്കുന്നുവോ അവൻെറ 'ദീനി'ലത്രെ യഥാർത്ഥത്തിൽ നിങ്ങൾ

[1] അനിസ്‌ലാമിക ഭരണകൂടത്തെ അനുസരിക്കുക എന്ന ശിർക്ക്

നിലകൊള്ളുന്നത്. എന്നിരിക്കെ, ഏതൊരുവനെ അനുസരിക്കുന്നില്ലയോ അവനെ നിങ്ങളുടെ വിധികർത്താവെന്നും, അവൻെറ ദീനിനെ നിങ്ങളുടെ 'ദീൻ' എന്നും പറയുന്നത് വെറും വ്യാജമല്ലാതെ മറ്റെന്താണ്? ഇനി, നാവുകൊണ്ടു നിങ്ങൾ അങ്ങനെ പറയുകയോ ഹൃദയത്തിൽ അങ്ങനെ കരുതുകതന്നെയോ ചെയ്യുന്നുണ്ടെകിൽ അതിൻെറ ഫലമെന്ത്? നിങ്ങളുടെ ജീവിത ഏർപ്പാടുകളെല്ലാം ഒരുവൻെറ നിയമ (ശരീഅത്ത്) പരിധിയിൽനിന്നു വ്യതി ചലിച്ചു മറ്റുനിയമപ്രകാരം നടന്നുകൊണ്ടിരിക്കുമ്പോൾ 'അവൻെറ നിയമങ്ങളെ ഞങ്ങൾ വിശ്വസിക്കുന്നു'വെന്ന നിങ്ങളുടെ വാക്കു വെറും നിരർത്ഥമാണ്. ഫലത്തിൽ അന്യർക്ക് അടിമവൃത്തി നിർവ്വഹിച്ചുകൊണ്ടിരിക്കുമ്പോൾ മറ്റൊരുവനെപ്പറ്റി, 'ഞങ്ങൾ അവനെ ആരാധ്യനായി സ്വീകരിക്കുന്നു'വെന്ന വാക്കും, ശിരസ് കുനിച്ച് അവൻെറ മുമ്പിൽ സാഷ്ടാംഗം ചെയ്യലും വെറുമൊരു കൃത്രിമപ്രവൃത്തിയായിട്ടേ പരിണമിക്കയുള്ളൂ. ആരുടെ കല്പനയനുസരിച്ച് നിങ്ങൾ വർത്തിക്കുന്നു, ആർ വിരോധിച്ചതിനെ നിങ്ങൾ ഉപേക്ഷിക്കുന്നു, ആർ നിശ്ചയിച്ച അതിർത്തിക്കുള്ളിൽ നിന്നുകൊണ്ടു പ്രവർത്തിക്കുന്നു, ആർ നിർദ്ദേശിച്ച മാർഗത്തിൽക്കൂടി നിങ്ങൾ ചലിക്കുന്നു, ആരുടെ പദ്ധതിയനുസരിച്ചു നിങ്ങൾ കൊള്ളക്കൊടുക്കകളിലേർപ്പെടുന്നു, ആരുടെ വിധിയെ ജീവിതപ്രശ്നങ്ങളിലും ഏർപ്പാടുകളിലും നിങ്ങൾ ആശ്രയിക്കുന്നു, ആരുടെ 'ശരീഅത്ത്' (നിയമവ്യവസ്ഥ) അനുസരിച്ചു നിങ്ങൾ പരസ്പരം ബന്ധങ്ങൾ വ്യവസ്ഥപ്പെടുത്തുകയും അവകാശങ്ങൾ ഭാഗിക്കുകയും ചെയ്യുന്നു, ആരുടെ ആവശ്യപ്രകാരം നിങ്ങളുടെ ഹൃദയ മസ്തിഷ്കങ്ങൾ, കൈകാലുകൾ, സമ്പത്ത് ആദിയായ സകലശക്തികളും, അവസാനം ജിവൻ തന്നേയും ബലിയർപ്പിക്കുന്നു അവനത്രെ യഥാർത്ഥത്തിൽ നിങ്ങളുടെ ആരാധ്യൻ; അവനെയാണ് വാസ്തവത്തിൽ നിങ്ങൾ ആരാധിക്കുന്നത്. അതിനാൽ ആദർശം ഒന്നും പ്രത്യക്ഷ സംഭവം അതിന്നു വിരുദ്ധവുമാണെകിൽ പരിഗണനീയമായിട്ടുള്ളത് പ്രത്യക്ഷ സംഭവം തന്നെയായിരിക്കും; അപ്പോൾ ആദർശത്തിന് തീരെ സ്ഥാനവും വിലയുമുണ്ടായിരിക്കുയില്ല. ഫലത്തിൽ നിങ്ങൾ 'രാജദീനി'ലാണെകിൽ പിന്നെ അവിടെ അല്ലാഹുവിൻെറ ദീനിന്ന് തീരെ സ്ഥാനമുണ്ടായിരിക്കയില്ല. ഫലത്തിൽ 'ഭൂരിപക്ഷദീനി'ലോ, 'പ്രജായത്തദീനി'ലോ, 'ആഗ്ലേയ ദീനി'ലോ, 'ജർമ്മൻ ദീനി'ലോ, 'ദേശീയ ദീനി'ലോ, 'വർഗീയ ദീനി'ലോ ആണെന്നുവന്നാൽ അവിടെയും അല്ലാഹുവിൻെറ ദീനിന്ന് തീരെ സ്ഥാനമുണ്ടായിരിക്കയില്ല. എന്നാലിനി നിങ്ങൾ ഫലത്തിൽ അല്ലാഹുവിൻെറ ദീനിലാണെകിലോ, അവിടെ മറ്റൊരു ദീനിനും സ്ഥാനമുണ്ടായിരിക്കുന്നതല്ല. ആകയാൽ "ശിർക്ക്" എവിടെ പ്രത്യക്ഷപ്പെടുന്നതായാലും അതു വ്യാജം മാത്രമായിരിക്കുമെന്ന് നല്ലപോലെ ഗ്രഹിച്ചുകൊള്ളുക!" (ഖുതുബാത്ത്, ജിഹാദ്)

നാവുകൊണ്ട് ഇസ്ലാം സമഗ്രമാണ്, സമ്പൂർണ്ണമാണ്, നിയമനിർമ്മാണത്തിൻെറ പരമാധികാരം അല്ലാഹുവിനാണ് എന്നിത്യാദിയെല്ലാം പ്രത്യക്ഷത്തിൽ പറയുന്ന ജമാഅത്തുകാർ, ഇന്ന് പ്രായോഗികതലത്തിൽ അനിസ്ലാമിക

ഭരണകൂടത്തിൻെറ ഭരണഘടനയനുസരിച്ചു (‘അഥവാ ശരിഅത്ത്’) തന്നെയാണല്ലൊ ജീവിക്കുന്നത്. അങ്ങനെയെങ്കിൽ, (മൗദൂദി പറഞ്ഞതു പോലെ) അത് അവരുടെ ഭാഗത്തു നിന്നുള്ള കൃത്രിമപ്രവർത്തനമായിട്ടേ പരിണമിക്കുകയുള്ളൂ എന്ന് ഖുതുബാത്ത് മാറോടിണക്കി വെച്ചു നടക്കുന്ന ജമാഅത്തുകാർ എന്തുകൊണ്ട് ചിന്തിക്കുന്നില്ല? ആദർശം ഒന്നും പ്രത്യക്ഷ സംഭവം അതിന് വിരുദ്ധവുമായിട്ടാണെങ്കിൽ പരിഗണനീയമായിട്ടുള്ളത് പ്രത്യക്ഷ സംഭവമായിരിക്കും. അതായത് ഇന്നത്തെ ജമാഅത്തെ ഇസ്‌ലാമിക്കാർ പ്രത്യക്ഷദീനിലായിരിക്കും, അഥവാ ഇസ്‌ലാമിക ദീനിൽ അല്ല നിലകൊള്ളുന്നത് എന്നർഥം. ഇതാണ് യഥാർതഥത്തിൽ ജമാഅത്തിനുനേരെ വരുന്ന ബൂമറാങ്ങ്!

ഇനി ഉത്തരം കിട്ടേണ്ടത്, ഹുകൂമത്തെ ഇലാഹി (ദൈവിക ഭരണം) സ്ഥാപിക്കാത്ത സ്ഥലത്ത് ജീവിക്കുന്ന ആളുകൾ ഏകദൈവവിശ്വാസികളാകുമോ എന്നതാണ്? അതും മൗദൂദി സാഹിബ് തന്നെ പറയട്ടെ:

“ഈ തത്വവും നിങ്ങളുടെ ഹൃദയത്തിൽ സ്ഥലം പിടിച്ചുകഴിഞ്ഞാൽപിന്നെ ഒരു ദീർഘിച്ച സംഭാഷണമോ വാദപ്രതിവാദമോ കൂടാതെത്തന്നെ, ദീൻ ഏതു ജാതിയിൽ പെട്ടതാണെങ്കിലും അതു അതിൻേറതായ ഒരു ഭരണം ആഗ്രഹിക്കുന്നുണ്ടെന്ന പരമാർത്ഥത്തിൽ നിങ്ങളുടെ ബുദ്ധി തന്നത്താൻ ചെന്നെത്തുന്നതാണ്. ‘പ്രജായത്ത ദീനോ’ ‘രാജത്വദീനോ’ ആകട്ടെ, ‘സോഷ്യലിസ്റ്റ് ദീനോ’ അല്ലാഹുവിൻെറ ദീനോ മറ്റേതെങ്കിലും ദീനൊ ആകട്ടെ ഓരോന്നിനും അതതിൻെറ നിലനില്പിന്നു സ്വന്തമായ ഭരണം ഏതു വിധത്തിലും അത്യന്താപേക്ഷിതമാകുന്നു. സ്വന്തഭരണമില്ലാത്ത ദീനിൻെറ സ്ഥിതി ഭൂമിയിൽ സ്ഥാപിക്കപ്പെടാത്ത ഒരു സങ്കല്പ വീടുപോലെയാണ്. ഭൂമിയിൽ സ്ഥാപിതമായ ഒരു വീട്ടിൽ മാത്രമേ നിങ്ങൾക്കു താമസിക്കാൻ സാധിക്കയുള്ളൂവെങ്കിൽ പിന്നെ തലച്ചോറിൽ മറ്റൊരു വീടിൻെറ പ്ളാനുണ്ടായിരിക്കുന്നതുകൊണ്ടു എന്തു പ്രയോജനമാണുള്ളത്? നിങ്ങൾ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, നിർമ്മിക്കപ്പെട്ട അതേ വീടിൻെറ വാതിലിൽകൂടിയായിരിക്കും നിങ്ങൾ പ്രവേശിക്കുന്നതും പുറപ്പെടുന്നതും; അതിൻെറതന്നെ മേൽപുരയുടേയും ചുമരുകളുടേയും നിഴലിൽ നിങ്ങൾക്ക് കഴിച്ചുകൂട്ടേണ്ടതായും വരും. അതിൻെറ ആകൃതിയനുസരിച്ചുതന്നെ താമസിത്തിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്‌വാൻ നിങ്ങൾ നിർബന്ധിതരായിത്തീരുകയും ചെയ്യും. എന്നിരിക്കെ, ഒരാകൃതിയിലുള്ള വീട്ടിൽ താമസിച്ചുകൊണ്ടു മറ്റൊരാകൃതിയിലുള്ള വീടിനെ ഹൃദയത്തിൽ ചിത്രീകരിക്കുകയോ ആഗ്രഹിക്കുകയോ ചെയ്യുന്നതിൽ മാത്രം എന്തർത്ഥമാണുള്ളത്? സങ്കല്പവീട് നിങ്ങളുടെ ഹൃദയത്തിൽ മാത്രമായിരിക്കുകയും, ഭൂമിയിൽ നിർമ്മിക്കപ്പെട്ട വീട്ടിൽ നിങ്ങൾ താമസിക്കുകയും ചെയ്യും! തലച്ചോറിൽ മാത്രം സ്ഥിതിചെയ്യുന്ന ഒരു വീടിനെ സംബന്ധിച്ച് ആരെങ്കിലും വീടെന്നു പറയാറുണ്ടോ? അത്തരം വീട്ടിൽ ആർക്കെങ്കിലും താമസിക്കാൻ സാധിക്കുമോ? അടിത്തറ ഭൂമിയിൽ സ്ഥാപിതമാവുകയും അതിൻമേൽ ചുമരും മേൽപ്പുരയും

നിർമ്മിക്കുകയും ചെയ്തതിന്നു മാത്രമേ വീടെന്നു പറയുകയുള്ളൂ അതിൽ മാത്രമേ മനുഷ്യനു താമസിക്കാനും സാധിക്കയുള്ളൂ. അതുപോലെ, ഒരു ദീൻ സത്യമാണെന്ന വെറും വാശ്വാസത്തിനു യാതൊരർത്ഥവുമില്ല. ജനങ്ങൾ മറ്റുവല്ല ദീനിലുമാണ് ജീവിതം നയിക്കുന്നതെങ്കിൽ അത്തരം വിശ്വാസം തീരെ നിഷ്പ്രയോജനമാണ്. സങ്കല്പവീടിന് വീടെന്നു പറയാത്തതുപോലെ സങ്കല്പദീനിന് ദീനെന്നും പറയുകയില്ല. സങ്കല്പ ഗൃഹത്തിലെന്നപോലെ സങ്കല്പ ദീനിലും ആർക്കും നിലകൊള്ളുക സാദ്ധ്യമല്ല. ഏതൊന്നിന്റെ ശക്തി ഭൂമിയിൽ സ്ഥാപിതമായിരിക്കുന്നുവോ, ഏതൊന്നിന്റെ നിയമം അനുഷ്ഠാനത്തിലുണ്ടോ, ഏതൊന്നിന്റെ പദ്ധതിയനുസരിച്ചു ജീവിത ഏർപ്പാടുകൾ വ്യവസ്ഥിതമായിരിക്കുന്നുവോ അതത്രെ സാക്ഷാൽ ദീൻ! ആകയാൽ ഓരോ ദീനിന്റെയും പ്രകൃതിതന്നെ തേടുന്നത് അതിനു ഭരണം ലഭിക്കണമെന്നാണ്. ഇത്രയുമല്ല, ദീൻ നിലകൊള്ളുന്നതു തന്നെ അധികാരശക്തിയെ മാത്രം ആരാധിക്കുകയും അതിനുമാത്രം അടിമപ്പെടുകയും അതിന്റെ നിയമങ്ങൾ മാത്രം നടപ്പിൽവരികയും ചെയ്യാൻവേണ്ടിയാകുന്നു.” (ഖുതുബാത്ത്, ജിഹാദ്)

അപ്പോൾ, ഭരണം എന്നത് തൗഹീദിന്റെ ഭാഗമാണെന്നും, ഇസ്ലാമിക ഭരണമില്ലാത്ത സ്ഥലത്ത് ജീവിക്കുന്ന ആളുകൾ ഭാഗികമായ തൗഹീദിന്റെ, അഥവാ യഥാർത്ഥ ദീനിലല്ലാത്ത ആളുകളാകുന്നു എന്നും ഇവിടെ മൗദൂദി സമർത്ഥിക്കുകയാണ്. വിശ്വാസാരാധനകളെപ്പോലെ തന്നെ ഭരണവും ഭരണകൂടങ്ങളും ദീനിന്റെ അഭിവാജ്യഘടകങ്ങളാണെന്ന് ഇവരുടെ വാദങ്ങളിൽപെട്ട കാര്യവുമാണ്. അത് വായിക്കുക:

“ഇസ്ലാമിക നിയമ നിർദ്ദേശങ്ങൾ രണ്ടുതരമാണ്. ഒന്നാമത്തേത് മതപരം. അല്ലെങ്കിൽ ആദ്ധ്യാത്മികം. വിശ്വാസരീതികളും ആരാധനാ ക്രമങ്ങളും ഇതിലുൾപ്പെടുന്നു. രണ്ടാമത്തേത് ഭൗതികം. സമൂഹം, രാഷ്ട്രം, ഭരണകൂടം എന്നിവയുടെ സംസ്ഥാപനത്തിന്നും, സംരക്ഷണത്തിന്നും ആവശ്യമായ നിയമങ്ങളും ചട്ടങ്ങളും ഇതുൾകൊള്ളുന്നു. വ്യക്തിബന്ധങ്ങൾ, സാമൂഹിക ഇടപാടുകൾ; പെരുമാറ്റരീതികൾ, ക്രിമിനൽ നിയമങ്ങൾ, സിവിൽ ക്രമങ്ങൾ, ഭരണപ്രശ്നങ്ങൾ, അന്താരാഷ്ട്ര നിയമങ്ങൾ, തുടങ്ങിയവയാണ് ഇതിലെ ഉള്ളടക്കം. ഇങ്ങിനെ ഇസ്ലാം മതത്തെയും ഭൗതികതയെയും സംയോജിപ്പിക്കുന്നു. പള്ളിയെയും പാർലിമെൻറിനെയും കൂട്ടിയിണക്കുന്നു. ദീനും ദുൻയാവും സമഞ്ജസമായി സമ്മേളിച്ച മതമാണിത്. വിശ്വാസാരാധനകളെപ്പോലെ ത്തന്നെ ഭരണവും ഭരണകൂടങ്ങളും ഇതിന്റെ അവിഭാജ്യഘടകങ്ങളാണ്. ഇവക്കാണ് കൂടുതൽ പ്രാധാന്യമെന്ന് വേണമെങ്കിൽ നമുക്ക് പറയാം.” (മതം ദുർബല ഹസ്തങ്ങളിൽ, പേജ് 2-3)

മുകളിൽ അടിവരയിട്ട ‘വേണമെങ്കിൽ നമുക്ക് പറയാം’ എന്ന ഭാഗം വിവർത്തകനായ ശൈഖ് മുഹമ്മദ് കാരക്കുന്നിന്റെ വിനോദവൃത്തിയിൽപ്പെട്ട

ഒരു കൈക്രിയയാണ്. ഗ്രന്ഥരചയിതാവായ അബ്ദുൽഖാദിർ ഔദ 'അൽ-ഇസ്ലാം ബയ്ന ജഹ്ലി അബ്നാഇഹി വ അജ്സി ഉലമാഇഹി' എന്ന തൻെറ മൂലഗ്രന്ഥത്തിൽ എഴുതിയത് വിശ്വാസാരാധനയേക്കാൾ പ്രാധാന്യം ഭരണവും ഭരണകൂടങ്ങൾക്കുമാകുന്നുവെന്ന് ഖണ്ഡിതമായിത്തന്നെയാണ് പറഞ്ഞിട്ടുള്ളത്.

ഒരു ദൈവിക ഭരണകൂടം (ഹുകൂമത്തെ ഇലാഹി) നിലവിൽ വരുന്നത്വരെയുള്ള ഇടക്കാലത്തിലേക്കെങ്കിലും മുസ്ലിമായി ജീവിക്കാം എന്നുള്ള പ്രത്യാശപോലും നശിപ്പിക്കുകയാണ് സാങ്കല്പിക വീടിൻെറ ഉദാഹരണത്തിലൂടെ മുസ്ലിം ഹൃദയങ്ങളിൽ മൗദൂദി സാഹിബ് സൃഷ്ടിക്കുന്നത്. മാത്രമല്ല, നിലവിലുള്ള ഗവൺമെൻറിനെ എങ്ങനെയെങ്കിലും നശിപ്പിച്ച് യഥാർത്ഥ മുസ്ലിമായി ജീവിക്കാൻ ഭരണം പിടിച്ചെടുക്കണമെന്നും, നിർബന്ധിതാവസ്ഥയിൽപോലും അനിസ്ലാമിക ഭരണകൂടത്തെ അനുസരിച്ചാൽ അത് ശിർക്കായി ഭവിക്കുമെന്നതിനാൽ അവിടെ മുശ്രിക്കായി കഴിയേണ്ടിവരുമെന്നും മൗദൂദി പഠിപ്പിക്കുന്നു. അക്കാര്യം ഇവരുടെ കൂട്ടത്തിലുള്ളവർ തന്നെ പറയുന്നത് കാണുക:

فَقَالُوا أَنُؤْمِنُ لِبَشَرَيْنِ مِثْلِنَا وَقَوْمُهُمَا لَنَا عَابِدُونَ (المؤمنون: 47)

(അപ്പോൾ അവർ പറഞ്ഞു: ഞങ്ങളെപ്പോലെയുള്ള രണ്ട് വ്യക്തികളുടെ വാക്കുകൾ ഞങ്ങൾ വിശ്വസിക്കുകയോ? അതും അവരുടെ സമുദായം ഞങ്ങളുടെ 'ആബിദു'കളായിരിക്കുമ്പോൾ!) - അൽമുഅ്മിനൂൻ:47

وَتِلْكَ نِعْمَةٌ تَمُنُّهَا عَلَيَّ أَنْ عَبَّدتَّ بَنِي إِسْرَائِيلَ (الشعراء: 22)

(ഇസ്രായീൽ സന്തതികളെ 'അബ്ദു'കളാക്കിവെച്ചു എന്നതാണ് നീ എന്നോട് എടുത്തുപറയുന്ന അനുഗ്രഹങ്ങളുടെ ചുരുക്കം) - അശ്ശുഅറാഅ്:22

ഉപര്യുക്ത വാക്യങ്ങളിൽനിന്ന് ഒരു കാര്യം സുതരാം വ്യക്തമാണ്: ഉദ്ദേശ്യവും തൃപ്തിയും, നിരുപാധികം അനുസരിക്കപ്പെടാൻ അർഹനാണെന്ന വിശ്വാസവും ഉണ്ടായാൽ മാത്രമല്ല അനുസരണം ഇബാദത്താവുക. ഇഷ്ടത്തിന്നെതിരായിട്ടെങ്കിലും ഉദ്ദേശ്യത്തോടും ബോധത്തോടും ചോദ്യം കൂടാതെയുമുള്ള അനുസരണവും ഇബാദത്താണ്. ബനൂഇസ്രാഈലിൻെറ അടിമത്തത്തെ ഖിബ്തികൾക്കുള്ള ഇബാദത്ത് എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. ഇസ്രാഈല്യർക്ക് തങ്ങളുടെ ശോചനീയമായ അടിമത്തത്തിന്നെതിരിൽ ശബ്ദമുയർത്താൻ സാധിച്ചിരുന്നില്ലെങ്കിലും അവർ അതിനെ മനസാ അംഗീകരിച്ചിരുന്നില്ല. ഭരണാധികാര ശക്തിയുടെ പ്രഭാവവും തങ്ങളുടെ നിസഹായതയും കാരണമായി അവർക്ക് നിശബ്ദരായി ഫിർഔൻെറ അടിമത്തത്തിൻെറ നുകം വഹിക്കേണ്ടിവന്നു. ഇതിൽനിന്ന് പരമാധികാരം

അവകാശപ്പെടുന്ന ഒരു ശക്തിയെ ഇഷ്ടത്തോടെയല്ലെങ്കിലും ബോധപൂർവ്വം ചോദ്യം ചെയ്യാതെ അനുസരിക്കൽ ഇബാദത്താണെന്ന് സ്പഷ്ടമാകുന്നു. (ഇബാദത്ത് പണ്ഡിതൻമാരുടെ വീക്ഷണത്തിൽ, പേജ് 67-68)

ഫറോവമാരുടെ ഭരണാധികാരശക്തിയുടെ പ്രഭാവത്തിനുകീഴിൽ അശരണരായി കഴിയേണ്ടി വന്നവരാണ് ബനൂഇസ്രായേല്യർ. അവർക്കാകട്ടെ ഫറോവമാരെ നിർബന്ധിതമായി അനുസരിക്കുകയല്ലാതെ മറ്റു പോംവഴികളില്ലായിരുന്നു. അത്തരം നിർബന്ധിത അനുസരണം പോലും ഭരണകൂടത്തിനുള്ള ഇബാദത്താണ് എന്നാണ് നടേസൂചിപ്പിച്ച ആയത്തുകൾ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ഇവർ പഠിപ്പിച്ചത്.

ജമാഅത്തുകാരേ, എന്തൊരസംബന്ധമാണ് നിങ്ങൾ ദീനിന്റെ പേരിൽ വിളമ്പിയത്? ഇത്തരത്തിലുള്ള നിങ്ങളുടെ ഹാകിമിയ്യത്ത് വാദം പ്രമാണങ്ങൾ കൊണ്ട് തെളിയിക്കേണ്ട ബാധ്യത നിങ്ങൾക്കില്ലേ. പക്ഷെ, നിങ്ങൾക്കതിന് സാധ്യമല്ല. അതുകൊണ്ടാണ് മുമ്പ് എഴുതിയ വാദങ്ങൾ ബോധപൂർവ്വം മറന്നുകൊണ്ട്(!) നിങ്ങൾക്ക് ഇന്ത്യാരാജ്യത്തോട് താഴെകാണും വിധം ഒരു പ്രഖ്യാപനം നടത്തേണ്ടിവന്നത്:

**“മാനവരാശി ആവിഷ്കരിച്ച രാഷ്ട്രീയ ഭരണക്രമത്തിൽ ഏറ്റവും മെച്ചപ്പെട്ടത് ജനാധിപത്യമാണ്. നാടുവാഴിത്തത്തെക്കാളും രാജാധിപത്യത്തെക്കാളുമേറെ എടുത്തോതാവുന്ന ഒട്ടേറെ മികവുകൾ അതിനുണ്ട്. ജനാധിപത്യം അവയ്ക്കെതിരെയാണ് രൂപം കൊണ്ടത്. ഗുണപരമായ ഈ വശത്തെ ജമാഅത്ത് പൂർണ്ണമായും അംഗീകരുക്കുന്നു.” (ശൈഖ് മുഹമ്മദ് കാരക്കുന്ന്, ജമാഅത്തും ജനാധിപത്യവും, പ്രബോധനം 18-06-2005)”**

ഇലക്ഷൻ കാംമ്പയിനുകളിൽ കണ്ടുവരുന്ന നിങ്ങളുടെ രാജ്യസ്നേഹ നാടകങ്ങൾ നിങ്ങളുടെ ഇരട്ടത്താപ്പുകളുടെ ഭാഗമായി മാത്രമേ വിവേകമുള്ളവർ മനസിലാക്കൂ. നിർബന്ധിതാവസ്ഥയിൽ പോലും അനിസ്ലാമിക ഭരണകൂടത്തെ അനുസരിക്കുന്നത് അവർക്കുള്ള ഇബാദത്താണെന്ന് (അഥവാ ശിർക്കാണെന്ന്) ജല്പിച്ച മൗദൂദികൾ, ആ ആശയം പച്ചയായി മലയാളഭാഷയിൽ എഴുതി വെച്ചത് നാം വായിച്ചു. എന്നാൽ, അങ്ങനെയൊരഭിപ്രായം ജമാഅത്തിനില്ലായിരുന്നു എന്ന ധാരണ സൃഷ്ടിക്കാൻ മൗദൂദികൾ ഇക്കാലത്ത് കിണഞ്ഞു ശ്രമിക്കുന്നുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇവർ സ്വീകരിച്ച ഇലക്ഷൻ മുദ്രാവാക്യം തന്നെ അതിന് സാക്ഷിയാണ്. **“ഇന്ത്യയുടെ പരമാധികാരം സംരക്ഷിക്കാൻ നമ്മുടെ വോട്ട് ആർക്ക്”** എന്നതായിരുന്നു ആ മുദ്രാവാക്യം. ബഹുകേമം!!!

ഹുകൂമത്തെ ഇലാഹീ (ദൈവിക ഭരണം) എന്ന സിദ്ധാന്തം പ്രമാണബദ്ധമായി തെളിയിക്കാൻ കഴിയാതെ വന്നപ്പോൾ ഹാകിമിയത്ത് തൗഹീദിന്റെ ഭാഗമാണെന്ന മറ സ്വീകരിച്ചുകൊണ്ട് സാധാരക്കാർക്കിടയിൽ പുകമുറ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം കണ്ടിട്ടും അനുഭവിച്ചിട്ടും യാതൊന്നും കാണാത്ത ഭാവം നടിച്ചു നടക്കുന്ന എന്റെ ജമാഅത്തു സഹോദരങ്ങളെ, ദീനിനോടും സമുദായത്തോടും രാജ്യത്തോടും ഒരല്പം കൂറും, ആത്മാർത്ഥതയുമുണ്ടെങ്കിൽ അകൃത്രിമമായ മാർഗത്തിലൂടെ വിഷയത്തെ പഠിച്ചുകൊണ്ട് സലഫുകളുടെ മാർഗം സ്വീകരിക്കുക. അതിനായിരിക്കും അന്തിമ വിജയം. അല്ലാഹു അനുഗ്രഹിക്കട്ടെ.